**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1430** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സിൽവർ എക്കണോമിക് പോളിസി</u>**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് സിൽവർ എക്കണോമിക് പോളിസി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ഉണ്ട്. വയോജനങ്ങളെ സംരക്ഷിക്കേണ്ട ഒരു വിഭാഗമായി മാത്രം കാണാതെ, സാമ്പത്തിക-സാമൂഹിക വികസനത്തിലെ സജീവ പങ്കാളികളായി കാണുന്ന സമഗ്ര സംവിധാനമാണ് സിൽവർ ഇക്കോണമി.

സിൽവർ ഇക്കോണമി വയോജന ക്ഷേമത്തിന് പുറമെ സാമ്പത്തിക വളർച്ചയ്ക്കും പുതിയ സാധ്യതകൾ തുറക്കുന്ന ഒരു വികസന മാതൃകയാണ്. വയോജനങ്ങളെ ബാധ്യതയായി കാണാതെ വികസന പ്രക്രിയയിൽ പങ്കാളികളാകുന്ന സമീപനം സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് ശക്തമായ അടിത്തറ നൽകുന്നു.

**(ബി)** വയോജനക്ഷേമവുമായി ബന്ധപ്പെട്ട എന്തൊക്കെ സേവനങ്ങളും പദ്ധതികളുമാണ് സിൽവർ എക്കണോമിയുടെ ഭാഗമായി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** വയോജന സേവനം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ വാർദ്ധക്യകാല ആരോഗ്യ പരിപാലന രംഗത്തെ നവീന കണ്ടുപിടിത്തങ്ങൾ, സിൽവർ സംരംഭകത്വം എന്നിവ സിൽവർ ഇക്കോണമിക് പോളിസിയുടെ ഭാഗമാണ്. സിൽവർ ഇക്കോണമി ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ മുതിർന്ന പൗരന്മാരെ സമൂഹത്തിന്റെ സജീവ ഉത്പാദനശേഷിയുള്ള ഘടകമായി മാറ്റാൻ കഴിയും. വയോജനക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനായി വയോജന വകുപ്പ് രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

**സജീവവും ആരോഗ്യകരവുമായ വാർധക്യം (Active & Healthy Ageing)**

- വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക ക്ഷേമം ഉറപ്പാക്കുക.

**കുടുംബ-സമൂഹ അധിഷ്ഠിത പരിചരണത്തിന് പ്രോത്സാഹനം**

- കുടുംബം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ പരിചരണ സംവിധാനം ശക്തിപ്പെടുത്തുക.

**ജെറിയാട്രിക് ആരോഗ്യസേവനങ്ങളുടെ വികസനം**

- വയോജനാരോഗ്യ ചികിത്സ, ദീർഘകാല രോഗപരിചരണം, പുനരധിവാസം, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.

**കെയർ ഇക്കോണമിയും തൊഴിൽ സൃഷ്ടിയും**

- കെയർഗിവർ പരിശീലനം, ഹോം കെയർ സേവനങ്ങൾ, വയോജന പരിചരണ രംഗത്തെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

**വയോജന സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ**

- വയോജന പാർക്കുകൾ, ഡേ കെയർ സെന്ററുകൾ, ഫിറ്റ്നസ് സെന്ററുകൾ, സുരക്ഷിത ഭവനങ്ങൾ, സൗകര്യപ്രദമായ പൊതുസ്ഥലങ്ങൾ എന്നിവ വികസിപ്പിക്കുക.

**സാമൂഹിക ഉൾച്ചേരലും അന്തർതലമുറ ഐക്യവും**

- വയോജനങ്ങളെ സമൂഹത്തിൽ സജീവമായി നിലനിർത്തുകയും യുവജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുക.

**വയോജന സംരംഭകത്വവും ഉൽപാദനക്ഷമതയും**

- മുതിർന്നവരുടെ അറിവും അനുഭവസമ്പത്തും സാമ്പത്തിക പ്രവർത്തനങ്ങളിലേക്ക് ഉപയോഗപ്പെടുത്തുക; സംരംഭകത്വത്തിനും ഭാഗിക തൊഴിലിനും അവസരങ്ങൾ ഒരുക്കുക.

**സാമൂഹിക സുരക്ഷയും സാമ്പത്തിക സംരക്ഷണവും**

- പെൻഷൻ, ഇൻഷുറൻസ്, ക്ഷേമപദ്ധതികൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.

**സാങ്കേതികവിദ്യയും സഹായ ഉപകരണങ്ങളും**

- ഡിജിറ്റൽ സേവനങ്ങൾ, അസിസ്റ്റീവ് ടെക്നോളജി, ആരോഗ്യ നിരീക്ഷണ ഉപകരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

**(സി)** സിൽവർ എക്കണോമിക് പോളിസിയുടെ ഭാഗമായി സിൽവർ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** കേരളത്തിലെ വർധിച്ചുവരുന്ന വയോജന ജനസംഖ്യയെ ഒരു ബാധ്യതയായി കാണാതെ സാമ്പത്തിക-സാമൂഹിക വിഭവമായി കാണുക എന്ന ലക്ഷ്യത്തോടെയാണ് സിൽവർ ഇക്കണോമിക് പോളിസി അവതരിപ്പിച്ചിരിക്കുന്നത്.

വയോജനങ്ങളുടെ അറിവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തി പുതിയ സംരംഭങ്ങൾ സൃഷ്ടിക്കുന്ന സജീവ സാമ്പത്തിക ശക്തിയാക്കി മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നത്. ജറിയാട്രിക് ആരോഗ്യരംഗം, എൽഡർ കെയർ സേവനങ്ങൾ, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ, അസിസ്റ്റീവ് ടെക്നോളജി, കൺസൾട്ടൻസി, മെന്ററിംഗ്, ഹോം കെയർ സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ വയോജന സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും പുതിയ തൊഴിൽ- സംരംഭ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

2026-ലെ കേരള വയോജനനയം “Active and Healthy Ageing” എന്ന ആശയം മുന്നോട്ടുവയ്ക്കുന്നു. വാർദ്ധക്യത്തെ ഉൽപ്പാദനക്ഷമത അവസാനിക്കുന്ന ഘട്ടമായി കാണാതെ, സമൂഹത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും സംഭാവന നൽകാൻ കഴിയുന്ന ഘട്ടമായാണ് നയം വിലയിരുത്തുന്നത്. അതിനാൽ

വയോജനങ്ങളെ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായി മാത്രം കാണാതെ, സാമൂഹികവും സാമ്പത്തികവുമായ വികസനത്തിലെ പങ്കാളികളായി ഉയർത്തിക്കൊണ്ടുവരാൻ നയം ലക്ഷ്യമിടുന്നു.

ഇതിന്റെ ഭാഗമായി:

- നൈപുണ്യ വികസനവും പുനർപരിശീലനവും ഉറപ്പാക്കുക.
- ഡിജിറ്റൽ സാക്ഷരതയും സാങ്കേതികവിദ്യാ പരിശീലനവും നൽകുക.
- സീനിയർ ഇന്റേൺഷിപ്പ് പദ്ധതികൾ നടപ്പാക്കുക.
- യുവതലമുറയ്ക്ക് അറിവും അനുഭവവും കൈമാറുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- പരമ്പരാഗത വൈദഗ്ധ്യങ്ങളും തനത് അറിവുകളും സംരക്ഷിച്ച് സാമ്പത്തിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
- മെന്ററിംഗ്, കൺസൾട്ടൻസി, പരിശീലനം തുടങ്ങിയ മേഖലകളിൽ മുതിർന്നവരുടെ പങ്കാളിത്തം വർധിപ്പിക്കുക.

**സെക്ഷൻ ഓഫീസർ**